# Department of Catechesis
## Archdiocese of Ernakulam-Angamaly

## Class VII, VIII, IX

### പൊതുചോദ്യം ഉപന്യാസം

1. സഭയ്ക്കിന്ന് ഏറ്റവും ആവശ്യമുള്ള പ്രവർത്തനമേഖലയാണ് പ്രേഷിതപ്രവർത്തനം. ഇന്നിന്റെ സാഹചര്യത്തിൽ എങ്ങനെ ദൈവവിളി പ്രോത്സാഹിപ്പിക്കാമെന്നും ഏത് രീതിയിലുള്ള ഒരു പൗരോഹിത്യ സന്യാസജീവിതരീതിയാണ് ലോകത്തിനാവശ്യമെന്നുമുള്ള നിങ്ങളുടെ കാഴ്ച്ചപ്പാടുകൾ എഴുതുക.
2. 'സഭയിലും സമൂഹത്തിലും ഒരു നല്ല നേതാവാകാൻ നിങ്ങൾക്കും കഴിയും'. ഈ ആശയത്തോട് നിങ്ങൾ യോജിക്കുന്നുവോ? ക്രിസ്തീയ വിശ്വാസപരിശീലനം ഒരു നല്ല നേതാവാകാൻ നിങ്ങളെ സഹായിക്കുന്നുണ്ടോ? നിങ്ങളുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു ലേഖനം തയ്യാറാക്കുക.
3. വിശ്വാസജീവിതത്തിൽ ഇന്ന് നമ്മെ ബാധിച്ചിരിക്കുന്ന ഒരു അപകടമാണ് നിസംഗ്ഗത (Indifference). വിശ്വാസപരമായ എല്ലാകാര്യങ്ങളിലും സന്നദ്ധനാണ്, എന്നാൽ ജീവിതബന്ധിയാകുന്നില്ല. വെളിപാടു പുസ്തകത്തിൽ 3:16ൽ ഇതിനെക്കുറിച്ച് സൂചിപ്പിക്കുന്നു: "ചൂടോ തണുപ്പോ ഇല്ലാതെ മന്ദോഷ്ണനാകയാൽ നിന്നെ ഞാൻ എന്റെ വായിൽനിന്നു തുപ്പിക്കളയും". നിസംഗ്ഗത എന്ന മനോഭാവത്തിന്റെ അപകടങ്ങളും അതിനെ എങ്ങനെ മറികടക്കാമെന്നും എഴുതുക.
4. 'ക്രിസ്തു ഇന്നും ജീവിക്കുന്നു' എന്നാണല്ലോ നാം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. വി. കുർബാനയിൽ ക്രിസ്തു ഇന്നും ജീവിക്കുന്നു എന്നതിന് എന്തൊക്കെ തെളിവുകളാണ് മറ്റുള്ളവരുടെ മുന്നിൽ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്നത്? നിങ്ങൾക്ക് ലഭിച്ചിട്ടുള്ള ബോധ്യങ്ങളുടെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ സമർത്ഥിക്കുക.
5. ധൂർത്തപുത്രന്റെ ഉപമയിലൂടെയും പാപിനിയായ മറിയത്തിന്റെ സംഭവത്തിലൂടെയും ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹത്തിന്റെ ആഴം ഈശോ നമ്മെ പഠിപ്പിക്കുന്നു. ക്ഷമിക്കുന്നതിന്റെ മാഹാത്മ്യത്തെക്കുറിച്ച് ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ഒരു ലേഖനം തയ്യാറാക്കുക.
6. "ജീവിതത്തിലെ ഏത് പ്രതികൂലസാഹചര്യങ്ങളെയും അതിജീവിക്കാൻ ക്രൈസ്തവർ കെൽപ്പുള്ളവരായിരിക്കും". ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ കാഴ്ചപ്പാടുകൾ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഒരു സന്ദേശം നിങ്ങളുടെ ക്ലാസ്സിൽ അവതരിപ്പിക്കാൻ കഴിയുന്ന വിധത്തിൽ തയ്യാറാക്കുക.

7. ശരീരം പരിശുദ്ധാത്മാവിന്റെ ആലയം ആണല്ലോ. അത് പരിശുദ്ധമായി സൂക്ഷിക്കുക യെന്നത് ഓരോ ക്രൈസ്തവന്റെയും കടമയാണ്. ശരീരത്തിന്റെ വിശുദ്ധിയിൽ ഭംഗം വരുത്തുന്ന പല പ്രവണതകളും പ്രത്യേകിച്ച് പച്ചകുത്തൽ, സ്റ്റഡ് കുത്തൽ, മായം ചേർത്ത ഭക്ഷണരീതികൾ, മയക്കുമരുന്ന് ഉപയോഗം എന്നിവ വളരെ കൂടുതലാണ്. ഒരു വിശ്വാസപരിശീലന വിദ്യാർത്ഥി/വിദ്യാർത്ഥിനി എന്ന നിലയിൽ ഇത്തരം പ്രവണ തകളിൽ അകപ്പെട്ട ഒരു സുഹൃത്തിനെ എങ്ങനെ ഇത് തെറ്റാണെന്ന് ബോധ്യപ്പെടു ത്തുവാനും അതിൽ നിന്നും പിന്തിരിപ്പിക്കുവാനും എന്തെല്ലാം കാര്യങ്ങൾ നിങ്ങൾക്ക് ചെയ്യാനാകുമെന്ന് ഒരു ലേഖനം തയ്യാറാക്കുക.
8. അനീതി നിറഞ്ഞ സാമൂഹ്യപ്രസ്ഥാനങ്ങളുടെ ഭാഗമായി, ഇന്ന് പലരും സാമൂഹ്യ തിന്മകളുടെ ഭാഗമാകേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. ഇത്തരം സാഹചര്യ ങ്ങളിൽ ഒരു കത്തോലിക്കനെന്ന നിലയിൽ സാമൂഹ്യതിന്മകളോട് എങ്ങനെ പ്രതിക രിക്കണം, അവയെ എങ്ങനെ തിരുത്തണം എന്ന് ബോധ്യങ്ങളുടെ വെളിച്ചത്തിൽ ഒരു ലേഖനം എഴുതുക.
9. ഈശോയെ സ്നേഹിക്കാൻ, വിശ്വാസം ആഴപ്പെടാൻ മാധ്യമങ്ങൾ പ്രത്യേകിച്ച് ടി വി, മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവയിലൂടെയുള്ള വാർത്താവിശേഷങ്ങൾ നിങ്ങ ൾക്ക് എങ്ങനെ പ്രയോജനപ്പെടുന്നു. വിശദമാക്കുക?
10. നമുക്ക് ഓരോരുത്തർക്കും ദൈവദാനമായി ലഭിച്ച കത്തോലിക്ക വിശ്വാസത്തിൽ വള രാൻ നമ്മെ സഹായിക്കുന്നത് ആരൊക്കെ? ഇടവക സമൂഹവും കുടുംബവും ഇതി നായി നിങ്ങളെ ഏതെല്ലാം വിധത്തിൽ സഹായിക്കുന്നു. എന്റെ ഭാഗത്തുനിന്നും വിശ്വാസത്തിൽ വളരാൻ എന്തെല്ലാം പരിശ്രമങ്ങളാണ് ഞാൻ എടുക്കുന്നത്. ഒരു ലേഖനം തയ്യാറാക്കുക.

DEPARTMENT OF CATECHESIS ARCHDIOCESE OF ERNAKULAM - ANGAMALY